# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 48236/AD A3/4/2018/ADMIN തീയതി. 09.12.2019

മഹാത്മാഗാന്ധിയുടെ 150 -)ം ജന്മവാർഷികം സമുചിതമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തു വിവിധ വകുപ്പുകളും സ്ഥാപനങ്ങളും സാംസ്കാരിക വകുപ്പിനെ അറിയിച്ചിട്ടുള്ള പദ്ധതികളും പരിപാടികളും "ഗാന്ധിജിയുടെ 1 5 0 -)ം ജന്മവാർഷിക സ്മരണാർത്ഥം" എന്ന തലക്കെട്ടിൽ ഫലപ്രദമായി നടപ്പിലാക്കുവാൻ നിർദ്ദേശിച്ചുകൊണ്ടു സർക്കാർ സ.ഉ.(അച്ചടി) നം. 3/2019/സാം.കാ.വ. തീയതി, 25.10.2019 ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം 3 പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

PREMKUMAR R
ASSISTANT REGISTRAR I (ADMIN)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ് :

1. എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വി.സി./ പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ എഫ്.ഒ/സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., മഹാത്മാഗാന്ധി സർവകലാശാല
5. സെക്യൂരിറ്റി ഓഫീസർ/ എസ്റ്റേറ്റ് ഓഫീസർ
6. സി.എം.എസ്(വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
7. പി.ആർ.ഒ/സിറ്റാഡ്/ഐ.ക്യു.എ.സി.
8. എഫ്.സി.സി./എ.സി.സി./ഫിനാൻസ് 1/4/ഓഡിറ്റ് 1/5
9. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

Draft #1 of File 48236/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 09-Dec-2019 04:34 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഭരണഭാഷ-മാതൃഭാഷ

# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരികകാര്യ വകുപ്പ്—മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷിക സ്മരണാർത്ഥം സംസ്ഥാനത്ത് പരിപാടികൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

---

## സാംസ്കാരികകാര്യ (സി) വകുപ്പ്

**സ. ഉ. (അച്ചടി) നമ്പർ 3/2019/സാം. കാ. വ. തിരുവനന്തപുരം, തീയതി 2019 ഒക്ടോബർ 25.**

---

*പരാമർശം:—* കേന്ദ്ര സാംസ്കാരിക വകുപ്പ് മന്ത്രിയുടെ 31-8-2018 ലെ DO No. 24-19/2018-Spl Cell നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

## ഉത്തരവ്

മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികം 2018 ഒക്ടോബർ 2 മുതൽ 2020 ഒക്ടോബർ 2 വരെയുള്ള രണ്ടു വർഷ കാലയളവിൽ സമുചിതമായി ആഘോഷിക്കണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശിച്ചിരുന്നു. പ്രസ്തുത കാലയളവിൽ ഇതിന്റെ ഭാഗമായി നടപ്പിലാക്കാവുന്ന പരിപാടികളുടെ ഒരു പട്ടികയും ലഭ്യമാക്കിയിരുന്നു. തുടർന്ന് സംസ്ഥാന സർക്കാർ വിവിധ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും ഇത് സംബന്ധമായ നിർദ്ദേശങ്ങൾ നൽകുകയും മഹാത്മാഗാന്ധിയുടെ 150-ാം ജന്മവാർഷികാഘോഷങ്ങളുടെ ഭാഗമായി ഉൾപ്പെടുത്താവുന്ന നിലവിലുള്ള പദ്ധതികളും പുതുതായി ആരംഭിക്കാനാവുന്ന പദ്ധതികളും ക്രോഡീകരിക്കുകയുമുണ്ടായി. വിവര പൊതുജന സമ്പർക്ക വകുപ്പ്, വിജിലൻസ് വകുപ്പ്, മഹാത്മാഗാന്ധി സർവകലാശാല എന്നിവ പുതിയ പദ്ധതികൾ നിർദ്ദേശിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുൻ പറഞ്ഞത് പ്രകാരം ഈ ഗണത്തിൽ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും നിലവിൽ നടത്തി വരുന്നതിനായി സാംസ്കാരികകാര്യ വകുപ്പിനെ അറിയിച്ചിട്ടുള്ള പദ്ധതികളും പരിപാടികളും "ഗാന്ധിജിയുടെ 150-ാം ജന്മവാർഷിക സ്മരണാർത്ഥം" എന്ന

തലക്കെട്ടിൽ ഫലപ്രദമായി നടപ്പിലാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വിവര പൊതുജന സമ്പർക്ക വകുപ്പ്, വിജിലൻസ് വകുപ്പ്, മഹാത്മാഗാന്ധി സർവകലാശാല എന്നിവ നിർദ്ദേശിച്ച പുതിയ പരിപാടികൾ അതാത് വകുപ്പുകളുടെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ചെലവഴിച്ച് "ഗാന്ധിജിയുടെ 150-ാം ജന്മവാർഷിക സ്മരണാർത്ഥം" എന്ന തലക്കെട്ടിൽ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**റാണി ജോർജ്,**
*സെക്രട്ടറി.*

<u>പകർപ്പ്</u> :—

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്.

എല്ലാ വകുപ്പ് മേധാവികൾക്കും ജില്ലാ കളക്ടർമാർക്കും.

എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും പൊതുമേഖലാ സ്വയംഭരണ സ്ഥാപന മേധാവികൾക്കും പൊതുഭരണ (എസ്. സി.) വകുപ്പ്.

വിവര പൊതുജന സമ്പർക്ക വകുപ്പ്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ / ഓഡിറ്റ്) തിരുവനന്തപുരം.

കരുതൽ ഫയൽ/ ആഫീസ് പകർപ്പ്.

---

Ad All